പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1495 13.07.2016 - ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിത ബാധിതർ

ചോദ്യം

ശ്രീ.എം.രാജഗോപാലൻ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്കായി സമഗ്രവും ശാശ്വതവുമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യനീതി, ഭക്ഷ്യപൊതുവിതരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കളക്ടറേറ്റിൽ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലയുടെ ചുമതലയുള്ള മന്ത്രി ചെയർമാനും ജില്ല കളക്ടർ കൺവീനറും ആയി ഒരു ജില്ലാതല സെൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് പ്രതിമാസ പെൻഷനും അവരെ പരിചരിക്കുന്നവർക്കുള്ള 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധനസഹായവും കുടിശ്ശിക തീർത്തും നല്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ സ്കോളർഷിപ്പ്, സൗജന്യറേഷൻ, ചികിത്സക്കുള്ള യാത്രാ സൗകര്യങ്ങൾ തുടങ്ങിയവ ദുരിതബാധിതർക്ക് നൽകി വരുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായത്തിന്റെ രണ്ട് ഗഡുക്കൾ |

| | | | |
|---|---|---|---|
| | | | അർഹതപ്പെട്ടവർക്ക് അനുവദിച്ച നല്കിയിട്ടുണ്ട്. ജില്ലയിലെ ആരോഗ്യ, സാമൂഹ്യ, വിദ്യാഭ്യാസ, സേവന മേഖലകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി നബാർഡ്-RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ 236 പദ്ധതികളിൽ 166 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് മുളിയാർ പഞ്ചായത്തിൽ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നിർദ്ദേശങ്ങൾ 6 വർഷം പിന്നിട്ടിട്ടും നടപ്പിലാക്കാത്തവർക്കെതിരെ സമയബന്ധിത നടപടികൾ സ്വീകരിക്കുമോ? | (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവർക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും ശുപാർശ ചെയ്ത് 5 ലക്ഷം രൂപയിൽ രണ്ടു ഗഡുക്കളും (ആകെ 3 ലക്ഷം രൂപ വീതം) മറ്റു വൈകല്യങ്ങൾ ഉള്ളവർക്ക് ശുപാർശ ചെയ്ത 3 ലക്ഷം രൂപയിൽ രണ്ടു ഗഡുക്കളും (ആകെ 2 ലക്ഷം രൂപ വീതം) നൽകി കഴിഞ്ഞിട്ടുണ്ട്. പട്ടികയിൽപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തില്ലെങ്കിലും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കും സർക്കാർ 3 ലക്ഷം രൂപ വീതം നൽകുന്നതിന് ഉത്തരവാകുകയും രണ്ടു ഗഡുക്കൾ നൽകുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരിൽ നിന്നും മേൽപ്പറഞ്ഞ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് ഡോക്ടർമാരുടെ പാനലിനെ നിയോഗിക്കാൻ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള പാനലാണ് ഇപ്രകാരം ധനസഹായത്തിന് അർഹരായവരെ കണ്ടെത്തിയത്. ഒന്നാമത്തെ ശുപാർശയിൽ തന്നെ |

| | | | |
|---|---|---|---|
| | | | ആവശ്യമായ ധനസഹായം കേന്ദ്രസർക്കാർ നൽകണമെന്ന് കൂടി എൻ.എച്ച്.ആർ.സി നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ചുള്ള പ്രപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് 2012 ൽ സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാറിന്റെ ഭാഗത്ത് നിന്നും ഇതുവരെയും അനുകൂലമായി നടപടികൾ ഉണ്ടായിട്ടില്ല.<br>എൻഡോസൾഫാൻ ദുരിബാധിതർക്കുള്ള സൗജന്യ ചികിത്സ കേരളത്തിലും കർണ്ണാടകത്തിലുമായി എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലൂടെ ലഭ്യമാക്കിവരുന്നു.<br>രോഗികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. കാസർകോഡ് ജനറൽ ആശുപത്രിയിൽ നെഫ്രോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനായി ഐ.സി.യൂണിറ്റ്, സി.ടി.സ്കാൻ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഡോക്ടർമാരുടെ ദൗർലഭ്യം മൂലം നെഫ്രോളജി, ന്യൂറോളജി യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിന് പരമാവധി പരിശ്രമം ഉണ്ടായിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**